പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5706 — 24.05.2017 -ൽ മറുപടിക്ക്.

## റേഷൻ സാധനങ്ങൾ പൂഴ്ത്തിവച്ച് കരിഞ്ചന്തയിൽ വിൽക്കുന്ന നടപടി

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| --- | --- |
| (എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ പൂഴ്ത്തിവച്ച് കരിഞ്ചന്തയിൽ വിൽക്കുന്നതും തന്മൂലം അരിക്കും മറ്റ് നിത്യോപയോഗ സാധനങ്ങൾക്കും വില ക്രമാതീതമായി ഉയരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ (അരി. ഗോതമ്പ്. പഞ്ചസാര, മണ്ണെണ്ണ) പൂഴ്ത്തിവയ്ക്കുന്നതു മൂലം നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) റേഷൻ സാധനങ്ങൾ പൂഴ്ത്തിവെച്ചതിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; മൊത്തം എത്ര ടൺ റേഷൻ സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; വിശദമാക്കുമോ; ഇതിന്റെ പേരിൽ ആരുടെയെങ്കിലും ലൈസൻസ് റദ്ദാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റേഷൻ സാധനങ്ങൾ പൂഴ്ത്തിവച്ചതിന്റെ പേരിൽ 23 പേർക്കെതിരെ 1955 ലെ അവശ്യസാധന നിയമത്തിലെ ചട്ടം 3, 1966 ലെ കേരള റേഷനിംഗ് ഓർഡറിലെ ചട്ടം 45(8) എന്നിവ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. മൊത്തം 213.939 മെട്രിക് ടൺ അരി, 14.70 മെട്രിക് ടൺ ഗോതമ്പ്, 1.074 മെട്രിക് ടൺ പഞ്ചസാര, 7.095 കിലോ ലിറ്റർ മണ്ണെണ്ണ എന്നീ സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ പേരിൽ 70 എ.ആർ.ഡി കളുടെയും 2 എ.ഡബ്ല്യൂ.ഡി കളുടെയും ലൈസൻസ് താല്ക്കാലികമായി റദ്ദാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ